**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2889** **18.06.2018 ൽ മറുപടിയ്ക്ക്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.വി.ടി.ബൽറാം** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

## കുറിഞ്ഞി സാങ്ച്വറി

<table>
<tr>
<td>(എ)</td>
<td>കേന്ദ്രാനുമതിയോടു കൂടിയ പുതിയ വിജ്ഞാപനം ഇല്ലാതെ കുറിഞ്ഞി സാങ്ച്വറിയുടെ അതിർത്തി പുനർനിർണയം സാദ്ധ്യമാണോ; അതിർത്തി പുനർനിർണയിക്കാൻ കേന്ദ്രാനുമതി വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;</td>
<td>(എ) കുറിഞ്ഞി സാങ്ച്വറിയുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.</td>
</tr>
<tr>
<td>(ബി)</td>
<td>2006 ലെ വിജ്ഞാപന പ്രകാരം നിയമിച്ച കുറിഞ്ഞി ഉദ്യാനത്തിന്റെ സെറ്റിൽമെന്റ് ഓഫീസർക്ക് ഈ വിജ്ഞാപനത്തിൽ ഉൾപ്പെടാത്ത പ്രദേശത്ത് സെറ്റിൽമെന്റ് നടപടികൾ നടത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;</td>
<td>(ബി) G.O(Ms)No.74/06/F&WLD ഉത്തരവ് പ്രകാരം സെറ്റിൽമെന്റ് ഓഫീസറെ നിയമിച്ചിരിക്കുന്നത് കുറിഞ്ഞിമല സങ്കേതത്തിന്റെ സെറ്റിൽമെന്റ് നടപടികൾക്കാണ്. അതിൽ ഉൾപ്പെട്ടുവരുന്ന പ്രദേശത്തെ സെറ്റിൽമെന്റ് നടപടികൾ നടത്തുന്നതിനാണ് സെറ്റിൽമെന്റ് ഓഫീസറെ നിയമിച്ചിരിക്കുന്നത്</td>
</tr>
<tr>
<td>(സി)</td>
<td>കുറിഞ്ഞി ഉദ്യാനത്തിന്റെ ഭാഗമായി പുതുതായി കൂട്ടിച്ചേർക്കുമെന്ന് ചീഫ് സെക്രട്ടറിയുടെ 10.5.18-ലെ 178/18 നമ്പർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന 59, 60, 61,63 എന്നീ ബ്ലോക്കുകളിൽ ഉൾപ്പെടുന്ന ഭൂമിയുടെ നിലവിലുള്ള സ്റ്റാറ്റസ് എന്താണെന്ന് വ്യക്തമാക്കാമോ; അതിൽ ഓരോ ബ്ലോക്കിലെയും ഭൂമി വനഭൂമി ആണോ, റവന്യൂ ഭൂമിയാണോ, പട്ടയഭൂമിയാണോ എന്നും ഓരോ ഇനത്തിലുംപെട്ട ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നും ഈ ബ്ലോക്കുകളിൽ കുറിഞ്ഞിയുടെ സാന്നിദ്ധ്യം ഉണ്ടോ എന്നും വ്യക്തമാക്കാമോ;</td>
<td>
<table>
<tr><th>ബ്ലോക്ക് നമ്പർ</th><th>സർക്കാർ തരിശ്</th><th>പുറമ്പോക്ക്</th><th>പട്ടയ ഭൂമി</th><th>റിസർവ് വനം.</th></tr>
<tr><td>(1)</td><td>(2)</td><td>(3)</td><td>(4)</td><td>(5)</td></tr>
<tr><td>59</td><td>ഇല്ല</td><td>ഇല്ല</td><td>2 ഹെ.</td><td>1187 ഹെ.</td></tr>
<tr><td>61</td><td>342 ഹെ.</td><td>34 ഹെ</td><td>103 ഹെ.</td><td>ഇല്ല</td></tr>
<tr><td>60</td><td>607.939 ഹെ</td><td>62.4335 ഹെ.</td><td>395.374 ഹെ.</td><td>ഇല്ല</td></tr>
<tr><td>63</td><td>ഇല്ല</td><td>28.4770 ഹെ.</td><td>1.0360 ഹെ.</td><td>1135.4493 ഹെ.</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| (ഡി) | വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഒരു പ്രദേശത്തെ സാങ്ച്വറി ആക്കാൻ വേണ്ടി ഇന്റൻഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കഴിഞ്ഞാൽ, നോട്ടിഫൈഡ് അതിർത്തിക്കുള്ളിലെ നിയമപരമായ പട്ടയങ്ങൾ ഉള്ളവരുടെ അവകാശം മാത്രമേ നിലനിർത്താനാവൂ എന്നിരിക്കേ കൈവശക്കാർക്ക് പട്ടയം നൽകണം എന്ന 10/5/2018 തീയതിയിലെ 178/2018 നമ്പർ ഉത്തരവിലെ നിർദ്ദേശം നിയമപരമാണോ; ആണെങ്കിൽ ഏത് നിയമ പ്രകാരം എന്ന് വിശദമാക്കാമോ? | (ഡി) സാങ്ച്വറിക്കുള്ളിലെ പട്ടയഭൂമി ഒഴിവാക്കി 3200 ഹെക്ടർ ഭൂമിയാണ് കുറിഞ്ഞി സാങ്ച്വറിയ്ക്കായി ഇന്റൻഷൻ നോട്ടിഫിക്കേഷൻ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. 10.05.2018 ലെ G.O(Ms)178/2018/RD നമ്പർ ഉത്തരവിൻ പ്രകാരം ഇന്റൻഷൻ നോട്ടിഫിക്കേഷൻ പ്രകാരം സാങ്ച്വറി പ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയിൽ കാലങ്ങളായി താമസിച്ച് കൃഷി ചെയ്ത് ഉപജീവനം നടത്തി ജീവിച്ചുപോരുന്ന എല്ലാവർക്കും 1964 ലെ കേരള ഭൂമി പതിവുചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പട്ടയം നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ